GHSS IRIMBILIYAM

IRIMBILIYAM GOVT. HSS

# TECH-SAVVY

# 2024

**ഒരു ഡിജിറ്റൽ മാഗസിൻ**

little KITEs

# GHSS IRIMBILIYAM

**WISHES**
WISHES
WISHES



ഇരുമ്പിളിയം ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂൾ ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിന്റെ നേതൃത്വത്തിൽ തയ്യാറാക്കിയ ഡിജിറ്റൽ മാഗസിൻ ഏറെ മികവ് പുലർത്തുന്നു.. സാങ്കേതികവിദ്യ ഉപകരണങ്ങൾ ഏറ്റവും ഫലപ്രദമായി ഉപയോഗിച്ച് ലിറ്റിൽ കൈറ്റ് അംഗങ്ങൾ  രൂപപ്പെടുത്തിയ സൃഷ്ടികൾ എഴുത്തിലൂടെയും വരകളിലൂടെയും വർണ്ണങ്ങളിലൂടെയും നറുമലരായി വിരിയുക യാണ്.. ഡിജിറ്റൽ മാഗസിൻ ഏറ്റവും മേന്മയോടെ  പ്രസിദ്ധപ്പെടുത്താൻ പ്രയത്നിച്ച മുഴുവൻ ലിറ്റിൽ കൈറ്റ് അംഗങ്ങൾക്കും മാർഗ്ഗദർശികളായ അദ്ധ്യാപിക മാർക്കും പ്രത്യേകം അഭിനന്ദനങ്ങൾ... വിദ്യാഭ്യാസ രംഗത്തെ പുതിയ മാറ്റങ്ങൾ ഉൾക്കൊണ്ടുകൊണ്ട് ആധുനിക സങ്കേതങ്ങൾ ഉപയോഗിച്ചുകൊണ്ട് ഇനിയും മികച്ച പ്രവർത്തങ്ങൾ നടത്തി  മുന്നോട്ടു പോകാൻ കഴിയട്ടെ എന്ന് ആശംസിക്കുന്നു........

JEEJA K

HEADMISTRESS

GHSS IRIMBILIYAM

# TEAM WORK COURTESY

1.ANANTHAKRISHNAN

2.ARJUN

3.EMIL B S

4.SOURAV

5.JABEEL

6. ANAMIKA C

7. SARATH

8. ASWIN

9.HANIYA

10.HAMNA





# അനുഭവം ഗുരു




എന്റെ ജീവിതത്തിൽ എനിക്ക് ഒരിക്കലും മറക്കാനാവാത്ത ഏറ്റവും സന്തോഷകരമായ ഒരു അനുഭവം എനിക്ക് ആസ്വദിക്കാൻ കഴിഞ്ഞു. അത് സ്കൂൾ കലോത്സവം ആയിരുന്നു. എട്ടാം ക്ലാസിൽ പഠിക്കുമ്പോഴാണ് ആദ്യമായി സ്കൂൾ കലോത്സവവേദികളിൽ പങ്കെടുക്കുന്നത്. ഞാൻ നാടക മത്സരത്തിൽ ആയിരുന്നു പങ്കെടുത്തത്. എനിക്ക് നാടകത്തെപ്പറ്റി യാതൊരു അറിവും ഉണ്ടായിരുന്നില്ല. ഒരു ദിവസം സ്കൂളിലേക്ക് നാടക പരിശീലകർ വന്നു ഞങ്ങളുടെ ആർട്ടിന്റെ മാഷായ ഷിനോജ് മാഷ് അനൗൺസ് ചെയ്തു നാടക മത്സരത്തിൽ പങ്കെടുക്കാൻ താല്പര്യമുള്ള കുട്ടികൾ ഓപ്പൺ ഓഡിറ്റോറിയത്തിൽ എത്തിച്ചേരാൻ പറഞ്ഞു. എന്റെ കൂട്ടുകാർ ഒക്കെ പോകുന്നത് കണ്ടപ്പോൾ ഞാനും അവരുടെ ഒപ്പം അങ്ങോട്ട് ചെന്നു.അങ്ങനെ നാടക പരിശീലകർ ഞങ്ങൾക്ക് നാടകത്തെയും അതിനെപ്പറ്റിയുള്ള എല്ലാ കാര്യങ്ങളും പറഞ്ഞുതന്നു. ഒരു നാടക ടീമിൽ പത്ത് പേരാണ് വേണ്ടത്. മറ്റൊരു ദിവസം പരിശീലകർ വന്നു അന്നായിരുന്നു 10 പേർക്കുള്ള സെലക്ഷൻ. ഞങ്ങൾ ഇരുപതോളം കുട്ടികൾ ഉണ്ടായിരുന്നു അതിൽ നിന്ന് 10 പേർക്കുള്ള സെലക്ഷന് വേണ്ടി ഓരോ കുട്ടികളെ കൊണ്ടും അവർ കുറച്ച് ഡയലോഗുകൾ കൊടുത്ത് അഭിനയിപ്പിച്ചു. ആ 10 പേരിൽ ഞാനും ഉൾപ്പെട്ടു. അന്നുമുതൽ എനിക്ക് നാടകത്തോട് ഒരു ഇഷ്ടം തോന്നി തുടങ്ങി. പിന്നെയുള്ള ദിവസങ്ങളിൽ ഞങ്ങൾ 30 മിനിറ്റിൽ കവിയാത്ത ഒരു നാടകം പരിശീലിച്ചു തുടങ്ങി. അങ്ങനെ ഒന്നരമാസത്തെ കഠിനപ്രയത്നം കൊണ്ട് ഞങ്ങൾ ഉപജില്ല കലോത്സവത്തിലേക്കുള്ള നാടകം പൂർത്തീകരിച്ചു. എനിക്ക് എന്റെ നാടക ടീമിന്റെയും പരിശീലകരുടെയും ഒപ്പം ഉള്ള കുറച്ചു ദിവസങ്ങളാണ് ഏറ്റവും പ്രിയപ്പെട്ടത്. അങ്ങനെ 2022 നവംബർ 22 ഉപജില്ല സ്കൂൾ കലോത്സവത്തിലെ നാടക മത്സരദിവസം. ഞങ്ങൾ രാവിലെ സ്കൂളിൽ എത്തി കുറ്റിപ്പുറം സ്കൂളിൽ വെച്ചായിരുന്നു ഞങ്ങളുടെ മത്സരം പക്ഷേ പിറ്റേദിവസം പുലർച്ചയ്ക്കായിരുന്നു ഞങ്ങൾ നാടകം ആദ്യമായി വേദിയിൽ കളിച്ചത് ഞങ്ങൾക്കെതിരായി 18 നാടക ടീം ഉണ്ടായിരുന്നു അവരെയെല്ലാം തോൽപ്പിച്ച് ഒന്നാം സ്ഥാനവും എഗ്രേഡും ഞങ്ങളാണ് കരസ്ഥമാക്കിയത് കൂടാതെ ഉപജില്ലാ കലോത്സവത്തിൽ മികച്ച നടനായി എന്നെ തിരഞ്ഞെടുത്തു.എനിക്ക് ആ ഒരു നിമിഷമാണ് എനിക്ക് എന്റെ ജീവിതത്തിലെ ഏറ്റവും സന്തോഷകരമായ നിമിഷം.

---ശരത് എം കെ

# പൊള്ളാച്ചി വഴി വാൽപ്പാറയിലേക്ക്

ഞങ്ങൾ ഒരു കൊച്ചു ഫാമിലി ആണ് ഒരു ദിവസം ഞങ്ങൾ വീട്ടുകാർ എല്ലാം കൂടി ഒരു വിനോദയാത്രയ്ക്ക് പോയി. എന്റെ ജീവിതത്തിൽ എനിക്ക് മറക്കാൻ പറ്റാത്ത അനുഭവങ്ങളിൽ ഒന്നാണിത്. ഞങ്ങൾ പുലർച്ചെ നാലുമണി ആയതോടെ പുറപ്പെട്ടു. ഞങ്ങൾ ഏഴ് പേരാണ് പോയത്. അങ്ങനെ ഞങ്ങൾ യാത്ര തുടങ്ങി. ഞങ്ങൾ നല്ലൊരു ഹോട്ടൽ കണ്ടപ്പോൾഅവിടെ ഇറങ്ങി ഭക്ഷണം കഴിച്ചു.ഞങ്ങൾ മസാല ദോശയും ചായയും കുടിച്ചു. അവിടെ നിന്ന് ഞാനും എന്റെ കാക്കയും കൂടി കുറേ അധികം ഫോട്ടോസ് എടുത്തു. അവിടെ



നിന്ന് ഞങ്ങൾ യാത്ര തുടർന്നു. റോഡരികിൽ കുറെ അധികം വ്യാപാരികളെ കണ്ടു.അവിടെ കുറെ അധികം ഭക്ഷ്യഭക്ഷ്യവസ്തുക്ക ൾ ഉണ്ടായിരുന്നു അവിടെ നിന്ന് വേണ്ടതെല്ലാം കഴിച്ച് ഞങ്ങൾ യാത്ര ആരംഭിച്ചു. പിന്നെ ഞങ്ങൾ റോഡരികിൽ അതിമനോഹരമായ കാഴ്ചകൾ കണ്ട് ഞങ്ങൾ അവിടെ വണ്ടി നിർത്തി. അവിടെ അതിമനോഹരമായ ഒരു വെള്ളച്ചാട്ടം ഉണ്ടായിരുന്നു. കുറെ നേരം ഞങ്ങൾ അതിൽ കളിച്ച് പിന്നെയും യാത്ര തുടർന്നു. പോകുമ്പോൾ റോഡരികിൽ കുറെയധികം കുരങ്ങന്മാർ ഉണ്ടായിരുന്നു ഞങ്ങളുടെ കയ്യിൽ ഉണ്ടായിരുന്ന ഭക്ഷ്യവസ്തുക്കൾ ഞങ്ങൾ അവർക്ക് നൽകി. അപ്പോൾ അവിടെ ചുരം കയറുമ്പോൾ ഒരു കൂട്ടം കുടുംബശ്രീ അംഗങ്ങൾ ഭക്ഷണം വിൽക്കുന്നുണ്ടായിരുന്നു. അവിടെനിന്ന് ഭക്ഷണം വേടിച്ചു കഴിച്ച ശേഷം വീണ്ടും യാത്ര തുടർന്നു. ചുരം കയറുമ്പോൾ നല്ല തണുപ്പുണ്ടായിരുന്നു.പാട്ടെല്ലാം വെച്ച് ഞങ്ങൾ എൻജോയ് ചെയ്തു. പിന്നെ കാർ മുന്നോട്ട് എടുക്കാൻ കഴിഞ്ഞില്ല. ഞങ്ങൾക്ക് കാറിൽ നിന്ന് ഇറങ്ങി നടന്നു. ചുറ്റും കുറെ ആളുകളും കുരങ്ങന്മാരും ഉണ്ടായിരുന്നു. ഞങ്ങൾ കുറെ നേരത്തിനു ശേഷം വാൽപ്പാറ മുകളിൽ എത്തി.അവിടെ അതിമനോഹരമായിരുന്നു കുഞ്ഞുകുഞ്ഞു വെള്ളച്ചാട്ടങ്ങൾ, കുരങ്ങന്മാർ എന്നിവ ഉണ്ടായിരുന്നു. അതിനുമുകളിൽ നിന്ന് നോക്കിയാൽ താഴെയുള്ളതെല്ലാം ചെറുതായി കാണുമായിരുന്നു. ഡാമും മരങ്ങളുമെല്ലാം നല്ല ഭംഗിയുണ്ടായിരുന്നു. ഞങ്ങളവിടെ മൂന്ന് ദിവസം താമസിച്ചു. അങ്ങനെ ഞങ്ങൾ വീട്ടിലേക്ക് യാത്ര തിരിച്ചു.

ജിഷാന ഷെറിൻ എം



## കാറ്റ്

തഴുകി ഉണർത്തുന്നു
മുഖമില്ലാത്ത തെന്നലിലൂടെ
കുളിർ കാറ്റു വീശുന്നു
പൂക്കളെ തലോടുന്നു
പൂക്കളിലെ നറുമണത്തോടെ
മേഘത്തിൻ ഈർപ്പത്തിനാലെ
നിദ്രയിലാഴ്ത്തുന്നു
എന്നെ നിന്നിലൂടെ കാറ്റേ.....

സ്മിതാസോമൻ

9C

# മെലോണ രാജകുമാരി

സമാധാനത്തോടെയും സന്തോഷത്തോടെയും ജനങ്ങൾ താമസിക്കുന്ന ഖാസിമിന്റെ സാമ്രാജ്യം. ജനങ്ങൾ ആ സാമ്രാജ്യത്തിന് മെലോണ എന്ന് പേരിട്ടു. മെലോണ സാമ്രാജ്യത്തിന്റെ രാജാവായ ഖാസിമിന്റെ ഒരേയൊരു പുത്രി സൗന്ദര്യം കൊണ്ട് ദൈവം കനിഞ്ഞ് അനുഗ്രഹിച്ച ഇന്ദ്രനീലം കണ്ണുള്ള രാജകുമാരി റിയാന ഖാസിം. ആരെയും മയക്കാൻ കഴിവുള്ള മാന്ത്രിക കണ്ണുള്ള ദേവതയാണ് അവൾ. ഖാസിമിന്റെ ഭരണത്തിൽ ആ നാട്ടിലെ ജനങ്ങൾ സമാധാനത്തോടെ ജീവിച്ചു പോന്നു. എന്നാൽ ഒരു ദിവസം രാജ്യത്താകെ ദുഃഖത്തിലാഴ്ത്തുന്ന ഒരു സംഭവം നാടാകെ പരന്നു. രാജാവിനെ മാരകമായ ഒരു രോഗം ബാധിച്ചു എന്നും പലവൈദ്യന്മാർ ചികിത്സിച്ചിട്ടും രോഗം ഭേദമായില്ലെന്നും. ദിവസങ്ങൾ കഴിയുംതോറും രാജാവ് അവശനായികൊണ്ടിരുന്നു. താൻ ഈ ലോകത്തോട് വിടപറയും മുന്നേ തന്റെ മകളെ സുരക്ഷിതമായ ഒരാളെ ഏൽപ്പിക്കണമെന്ന അദ്ദേഹത്തിന്റെ ആഗ്രഹം ഖാസിം തന്റെ മകളെ അറിയിച്ചു. ഖാസിമിന്റെ ആഗ്രഹം സാധിച്ചു കൊടുക്കാൻ അവൾ തീരുമാനിച്ചു. എന്നാൽ അവൾ പറയുന്ന ആവശ്യം സാധിച്ചു കൊടുക്കാൻ പറ്റുന്ന ഒരാൾ ആയിരിക്കണം അവളെ വിവാഹം ചെയ്യേണ്ടത് എന്ന് അവൾ ആവശ്യപ്പെട്ടു. അവളുടെ ആവശ്യം ഇപ്രകാരമായിരുന്നു" ഈ ലോകത്തെ ഏറ്റവും അമൂല്യമായ ബന്ധം അവൾക്ക് കാണിച്ചു കൊടുക്കണം "എന്ന്. ഈ വിവരം നാടാകെ പരസ്യമായി. ഒരുപാട് പ്രമാണിമാരുടെ പുത്രന്മാർ കൊട്ടാരത്തിനു മുന്നിൽ എത്തി. എന്നാൽ റിയാനയുടെ ആവശ്യം അറിഞ്ഞ അവർ മടങ്ങിപ്പോയി. അങ്ങനെയിരിക്കെ ഈ വാർത്ത മെലോണയുടെ അയൽ രാജ്യമായ ഫിയാന

രാജ്യത്തെ രാജകുമാരൻ അറിയുകയും അന്ന് തന്നെ മെലോണ കൊട്ടാരത്തിലേക്ക് പോവുകയും ചെയ്തു. റിയാനയുടെ ആവശ്യം ഞാൻ നിറവേറ്റാം എന്നും അതിനായി അവൾ തന്റെ കൂടെ ഫിയാനാ രാജ്യത്തേക്ക് വരണമെന്നും രാജകുമാരൻ ആവശ്യപ്പെട്ടു. അടുത്തദിവസം രാജകുമാരനും റിയാനയും ഫിയാനാ രാജ്യത്തേക്ക് പുറപ്പെട്ടു. രണ്ട് ദിവസത്തെ യാത്രയ്ക്കൊടുവിൽ അതിമനോഹരമായ ഒരു കൊച്ചു സ്ഥലത്ത് അവരെത്തി. മനോഹരമായ വെള്ളച്ചാട്ടവും അതിനടുത്തായി ഒരു കൊച്ചു വീടുമുണ്ടായിരുന്നു അവിടെ. അവർ ആ വീടിനടുത്തേക്ക് പോയി. അവിടെ ഒരു സ്ത്രീയും ഒരു ചെറിയ കുട്ടിയും ഉണ്ടായിരുന്നു. അമ്മയും കുട്ടിയും തമ്മിലുള്ള ബന്ധമാണ് ഈ ലോകത്ത് ഏറ്റവും അമൂല്യമായതെന്ന് രാജകുമാരൻ അവൾക്ക് കാണിച്ചുകൊടുത്തു. തന്റെ ആവശ്യം നിറവേറ്റി തന്ന രാജകുമാരനെ വിവാഹം ചെയ്യാൻ റിയാനയ്ക്ക് സമ്മതമാണെന്ന വിവരം രാജാവിനെ അറിയിച്ചു. അങ്ങനെ റിയാനയുടെയും ഫിയാനാ രാജകുമാരന്റെയും വിവാഹം മംഗളമയി നടന്നു.

ഹംന ഫാത്തിമ 9C



# പ്രകൃതിയുടെ ഗുണപാഠം

ഒരു കാട്.നിറയെ മരങ്ങളും തോടുകളും പുഴകളും ഒക്കെയുള്ള ഒരു കാട്.അവിടെയെല്ലാം സന്തോഷകരമായി പോകുന്നു. കിളികൾ പാടുന്ന ശബ്ദം, കുളിർകാറ്റ്,നല്ല പൂവ്,ശുദ്ധമായ വെള്ളം,പക്ഷേ ഒരു പുലർച്ചെ അവിടുത്തെ മൃഗങ്ങളെല്ലാം ഉണരുമ്പോൾ കാണുന്നത് അവിടുത്തെ മരങ്ങൾ ഒന്നൊന്നായി വീഴുന്നതാണ്. അതിനോടൊപ്പം അവർ ഒരു ശബ്ദം കേൾക്കുകയാണ്: ഇനി ഇവിടുത്തെ മരങ്ങൾ എല്ലാം മുറിച്ച് മാറ്റ്. ഇവിടെയെല്ലാം നല്ല വൃത്തിയായിരിക്കും നമുക്കിവിടെ ഒരു ഫൈവ് സ്റ്റാർ ഹോട്ടൽ പണിയുവാൻ ഉള്ളതാണ്.ഇത് കേട്ടതും മൃഗങ്ങളെല്ലാം പേടിച്ചുവിറക്കുകയാണ്. വീണ്ടും ഒരു അശരീരി: സാർ അവിടെ കുറെ മൃഗങ്ങൾ ഒത്തുകൂടി നിൽക്കുകയാണ്. അവറ്റകളെ എന്തു ചെയ്യും?വേറൊരാൾ പറയുകയാണ്: അവറ്റകളെ അങ്ങ് കൊന്നേക്ക്.എന്നിട്ട് എല്ലാത്തിനെയും പെറുക്കി ആ വണ്ടിയിലിട്.കരിഞ്ചന്തയിൽ( ബ്ലാക്ക് മാർക്കറ്റിൽ) കൊണ്ടുപോയി വിൽക്കാം. ഇതു കേട്ടതും മൃഗങ്ങൾ ചിന്നഭിന്നമായി ഓടി. പക്ഷേ അവരെയെല്ലാം മനുഷ്യൻ ഒന്നൊന്നായി കൊല്ലുകയാണ്. ഈ ശബ്ദം എല്ലാം കേട്ട് ആ കാട്ടിലെ മൂപ്പൻ എവിടെനിന്നോ വരികയാണ്. ആ മൂപ്പൻ പറഞ്ഞു:നിങ്ങൾ എന്താണ് ചെയ്യുന്നത്? നിങ്ങൾ ഒരു കാടല്ല നശിപ്പിക്കുന്നത് നിങ്ങളുടെ ആയുസ്സ് കൂടിയാണ്. ദയവു ചെയ്തു ഇതെല്ലാം നിർത്തണം. അപ്പോൾ ഒരാൾ വന്നു "പോടോ കിളവാ" എന്നും പറഞ്ഞ് ഒരൊറ്റ ചവിട്ട്. മൂപ്പൻ നിലത്തുവീണു. തല പൊട്ടി രക്തം ഒലിച്ചു. അപ്പോൾ മൂപ്പൻ പറഞ്ഞു:ഈ ചോരയാണ് സത്യം. നിങ്ങൾക്ക് വരാനുള്ളത് ആരെക്കൊണ്ടും തടയാൻ കഴിയില്ല. അങ്ങനെ മൂപ്പൻ എങ്ങോട്ടോ മാഞ്ഞുപോയി. അങ്ങനെ ഒരു മാസം കഴിഞ്ഞപ്പോൾ നല്ല മഴക്കാർ വന്നു  നല്ല മഴയും പെയ്തു പക്ഷേ ആ മഴ നിൽക്കുന്ന ലക്ഷണം കാണുന്നില്ല. പെട്ടെന്ന് പ്ടും! പ്ടും! അവിടെയുണ്ടായിരുന്നു ഒരു മലയിൽ നിന്നും വലിയ ഉരുളൻ കല്ലുകൾ ഉരുണ്ടുവരുന്നു. ഇതു കണ്ടതും എല്ലാവരും പേടിച്ച് അങ്ങോട്ടുമിങ്ങോട്ടും ഓടാൻ തുടങ്ങി. പക്ഷേ രക്ഷയുണ്ടായില്ല.എല്ലാ വരും കല്ലിനടിയിൽ ആയി കുറച്ചു കഴിഞ്ഞപ്പോൾ മഴ നിന്നു. പെട്ടെന്നെവിടെനിന്നോമൂപ്പൻ പ്രത്യക്ഷപ്പെട്ടു എന്നിട്ട് പറഞ്ഞു:
*പ്രകൃതിയെ നശിപ്പിക്കും തോറും നമ്മളും നശിച്ചു കൊണ്ടിരിക്കും.*

-------- Rihan Riyas  9 C



# ഓർമ്മക്കുറിപ്പ്

ഞാനിവിടെ എന്റെ ഒരു മറക്കാൻ കഴിയാത്ത ഒരു അനുഭവകുറിപ്പാണ് പങ്കുവെക്കുന്നത്. ലിറ്റിൽ കൈറ്റ്സ് കുട്ടികളിൽ നിന്നും എട്ടുപേർക്കാണ് കുറ്റിപ്പുറം സ്കൂളിൽ ക്യാമ്പിന് പോകാൻ സെലക്ഷൻ കിട്ടിയത്. അതിൽ ഒരാൾ ഞാനായിരുന്നു. രണ്ടുദിവസമായിരുന്നു കുറ്റിപ്പുറം സ്കൂളിൽ ക്യാമ്പ്. ആദ്യത്തെ ദിവസം എനിക്ക് പേടിയുണ്ടായിരുന്നു എങ്ങനെയാണ് അവിടേക്ക് പോവുക, അവിടെ എങ്ങനെയുണ്ടാവും, അവിടെ പോയാൽ എന്തെല്ലാമാണ് ചെയ്യേണ്ടത് എന്നെല്ലാം സംശയങ്ങളും ഉണ്ടായിരുന്നു. ആദ്യമായിട്ടാണ് രക്ഷിതാക്കൾ ഇല്ലാതെ ബസ്സിൽ കുറ്റിപ്പുറം വരെ ടീച്ചറോടൊപ്പം ഫ്രണ്ട്സിന്റെ ഒപ്പവും യാത്ര ചെയ്യുന്നത്. അങ്ങനെ ഞങ്ങൾ ബസ്സിൽ യാത്ര ചെയ്ത് ക്യാമ്പിൽ എത്തി. അവിടെ ഓപ്പൺ ടൂൺസ്, സ്ക്രാച്ച്, റോബോട്ടിക്സ് എന്നീ മൂന്ന് വിഷയങ്ങളിൽ ഞങ്ങൾ ചെയ്യാൻ ഉദ്ദേശിക്കുന്ന കാര്യങ്ങളെ അടിസ്ഥാനമാക്കി മൂന്ന് ക്ലാസിലേക്ക് ഞങ്ങളെ തിരിച്ചു. ഞാൻ ഓപ്പൺ ടൂൺസ് ആണ് ചെയ്യേണ്ടത്. പേടിയുണ്ടായിരുന്നെങ്കിലും ലാൽ സാറിന്റെ രസകരമായ ക്ലാസ് കേട്ടപ്പോൾ പേടിയെല്ലാം പോയി. ക്ലാസിനു ശേഷം ഒരു ഇന്റർവൽ ഞങ്ങൾക്ക് കിട്ടി. ആ സമയത്ത് ഞാനും എന്റെ ഒരു കൂട്ടുകാരിയും ചേർന്ന് ആ സ്കൂൾ ചുറ്റി കണ്ടു. അങ്ങനെ ഗെയിം, കളിചിരികൾ അങ്ങനെയെല്ലാം ആയി ഞങ്ങളുടെ അന്നത്തെ ഒരു ക്യാമ്പ് കഴിഞ്ഞു. വീട്ടിലേക്ക് തിരിച്ചു. ലാൽ സാർ തന്ന വർക്കുകൾ ലാപ്ടോപ്പിൽ ചെയ്തു.



പിറ്റേദിവസം ഞങ്ങളുടെ അവസാനത്തെ ക്യാമ്പ് ആയിരുന്നു. ഞങ്ങളെല്ലാവരും കുറ്റിപ്പുറത്തേക്ക് ക്യാമ്പിന് പോയി. അന്നത്തെ ദിവസം എനിക്ക് ഒരുപാട് ഇഷ്ടമായി. ഒരുപാട് വർക്ക് ചെയ്തു ലാൽസാറിന്റെ അടിപൊളി ആയ രസകരമായ ക്ലാസുകൾ എന്നിവയെല്ലാം രസകരമായിരുന്നു കേൾക്കാൻ. വ്യത്യസ്തമായ ഓപ്പൺ ടൂൻസ് നെ പറ്റി ഉള്ള കാര്യങ്ങൾ പഠിക്കാൻ കഴിഞ്ഞു. ആ രണ്ട് ക്യാമ്പിന്റെ ദിവസങ്ങളിൽ പുതിയ കൂട്ടുകാരെ കിട്ടി. പ്രതീക്ഷിച്ചതിനേക്കാട്ടിലും ക്യാമ്പ് രസകരമാവും എന്ന് ഞാൻ ഒരിക്കലും പ്രതീക്ഷിച്ചില്ല. രണ്ടാമത്തേ ദിവസം ക്യാമ്പ് കഴിഞ്ഞു പോരുമ്പോൾ ഫോട്ടോസ് എല്ലാം എടുത്തു ടീച്ചറോടൊപ്പം. സുബൈദ ടീച്ചർ, ഫൗസിയ ടീച്ചർ ഇവർ ഒരുപാട് സഹായങ്ങൾ ചെയ്തു തന്നു. സുബൈദ ടീച്ചർ ലാസ്റ്റ് ദിവസം വളാഞ്ചേരിയിൽ നിന്ന് ഞങ്ങൾക്ക് ലൈമ് വാങ്ങി തന്നു. വ്യത്യസ്തമായ കാര്യങ്ങൾ ഞാൻ പഠിച്ചു. രണ്ടുദിവസത്തെ ക്ലാസിൽ നിന്നും മറക്കാൻ കഴിയാത്ത അനുഭവങ്ങളാണ് എനിക്ക് കിട്ടിയത്. മറക്കാൻ കഴിയാത്ത ഓർമ്മകളിൽ ഒന്നാണ് ഈ ഒരു അനുഭവം

ANJANA P
9A

# അനുഭവക്കുറിപ്പ്

---------------------------------

അഞ്ചുദിവസമായി നിർത്താതെ പെയ്ത മഴ.ഇതുപോലെ ഒരു മഴ ഞാൻ ആദ്യമായാണ് കാണുന്നത്.ഞങ്ങളുടെ മുറ്റത്തും പറമ്പിലും എല്ലാം മഴവെള്ളം നിറഞ്ഞു.മഴയുടെ നനഞ്ഞ ഓർമ്മകൾ എന്നും മനസ്സിനെ കുളിരണിയിക്കുന്നതാണ്. മഴ നനഞ്ഞ ഓർമ്മകൾ മനസ്സിലേക്ക് കടന്നുവരുന്നു.ഈ മഴയുടെ പിന്നിൽ ഒരു വലിയ ഒരു ദുരന്തം ഞങ്ങളെ കാത്തിരിക്കുന്നുണ്ടെന്ന് ഞങ്ങൾക്കറിയില്ലായിരുന്നു.നിർത്താതെയുള്ള മഴയിൽ പുഴയിലെ വെള്ളം ഉയർന്നുകൊണ്ടേയിരുന്നു. 2018ലെ വലിയ പ്രളയത്തിന്റെ തുടക്കമായിരുന്നു ഇവയെല്ലാം. ഇത്രകാലമായി ഇതുപോലൊരു വെള്ളപ്പൊക്കം ഉണ്ടായിട്ടേയില്ല. ഞങ്ങളുടെ വീടിന്റെ മുന്നിൽ ഒരു വലിയ പാടമുണ്ട് എല്ലാവരും പാടത്തും പുഴയിലുമായി നിരന്നിരുന്നു വെള്ളം കൂടുന്നുണ്ടോ എന്ന് നോക്കാൻ. ഞങ്ങൾ പാടത്തേക്ക് പോയപ്പോൾ പാടം നിറയെ വെള്ളമായിരുന്നു. പലരും മീൻ പിടിക്കുന്നുണ്ടായിരുന്നു ബോട്ടിലും തോണിയിലും ഒക്കെ. എല്ലാവർക്കും ഒരു ആനന്ദകരമായ കാഴ്ചയായിരുന്നു അത്. ഓരോ മണിക്കൂർ കൂടുന്തോറും വെള്ളം ഉയർന്നുകൊണ്ടേയിരുന്നു.ഇനി ഇവിടെ നിന്നിട്ട് കാര്യമില്ല എന്ന് തോന്നി എല്ലാവരും ബന്ധുക്കളുടെ വീട്ടിലേക്കും ദുരിതാശ്വാസ ക്യാമ്പിലേക്കും മാറി താമസിച്ചു.പക്ഷേ ഞങ്ങൾക്ക് വീട്ടിലെ ഒരു സാധനവും മാറ്റിവയ്ക്കാൻ സാധിച്ചില്ല.വെള്ളം ഇറങ്ങിയതിനു ശേഷം ഞങ്ങൾ ഞങ്ങളുടെ നാട്ടിലേക്ക് വന്നപ്പോൾ ശരിക്കും ഇത് ഞങ്ങളുടെ നാട് തന്നെയാണോ എന്ന് തോന്നിപ്പോയി.കാരണം പച്ചവിരിച്ച പാടത്തു നിറയെ ചേറും ചെളിയും പിന്നെ വീടുകളിൽ നിന്ന് ഒഴുകിവന്ന സാധനങ്ങളും. ഒറ്റനോട്ടത്തിൽ കാണുന്ന ഒരാൾക്ക് അത് പാടമാണെന്ന് തോന്നുകയേയില്ല.റോഡുകളിൽ കോഴിക്കൂടുകൾ അതിൽ മരിച്ചു കിടക്കുന്ന കോഴികൾ. ഇതുപോലെയുള്ള കുറേ ജീവനുകൾ എന്നന്നേക്കുമായി നഷ്ടപ്പെട്ടിരിക്കുന്നു. ഞങ്ങൾ വീട്ടിലെത്തിയപ്പോൾ കണ്ടത് വീട് നിറയെ ചേറ്.ഇഴജീവികൾ ഉണ്ടാകും എന്ന് കരുതിയിരുന്നില്ല. കാരണം വീട് അടച്ചിട്ടിരുന്നു.പക്ഷേ പല വീടുകൾക്കുള്ളിലും പാമ്പുകൾ, നീർക്കോലികൾ.കുറേ ദിവസംമെടുത്തു ഇന്ന് കാണുന്ന വീട് പോലെ ആകാൻ. കുറെ സാധനങ്ങൾ നാശമായി പാത്രങ്ങളും വസ്ത്രങ്ങളും രേഖകളും. അങ്ങനെ പലതും. പലരും പാത്രങ്ങളും സാധനങ്ങളും എല്ലാം കൊണ്ടുവന്നുതന്നു. ദിവസവും കിണർ ബ്ലീച്ചിങ് ചെയ്തു. അങ്ങനെ കുറേ ദുരിതങ്ങൾ വെള്ളപ്പൊക്കം കൊണ്ട് ഞങ്ങൾ സഹിച്ചു. ഇതുപോലെയുള്ള ദുരിതങ്ങൾ വരുമ്പോൾ നമ്മളെല്ലാവരും ജാതി,മത,വർഗ്ഗ,ലിംഗ ബോധമില്ലാതെ ഒത്തൊരുമിച്ച് അതിൽ നിന്നെല്ലാം മറികടക്കും. ഇതുപോലെ ഒരു ഒത്തൊരുമയാണ് നമുക്ക് വേണ്ടത്. ഇന്നും എന്നും ഒരിക്കലും മറക്കാൻ ആകാത്ത ഒരു അനുഭവമാണിത്.

-------- Anagha P 9 D

# എന്റെ ഗ്രാമം

എന്റെ കൊച്ചു ഗ്രാമം ഒരു സുന്ദരമായ ഗ്രാമമാണ്. ഒരുപാട് നല്ല നല്ല കൗതുക ഉണർത്തുന്ന വിശാലമായ കാഴ്ചകളാണ് ഇവിടെ കാണാൻ. സൗന്ദര്യത്തിന്റെ അതിമനോഹരമായ കാഴ്ചകൾ. പുൽമേടുകൾ അതിമനോഹരമായി തലയുയർത്തി നിൽക്കുന്നു. പുല്ലുകളുടെ ആ പച്ച നിറങ്ങൾ കണ്ണിൽ കാണുമ്പോൾ കണ്ണുകൾക്ക് കുളിർമ പകരുന്നു.

പുലർച്ചക്കാലത്തെ മഞ്ഞിന്റെ റവൺപാടുകൊണ്ട് മറച്ച നെൽച്ചെടികൾ കാണാൻ എന്തു ഭംഗിയാണ്. ആ വിശാലമായ വയലിലേക്ക് പറന്നിറങ്ങുന്ന മനോഹരമായ പക്ഷിക്കൂട്ടങ്ങൾ ശാന്തമായി ഓളകൾ ഇട്ട് പാറകളിലും മറ്റു തട്ടിത്തെറിപ്പിച്ച് ഒച്ചയുണ്ടാക്കി വിശാലമായി മനോഹരമായി ഒഴുകുന്ന ഒരു പുഴയുണ്ട്.

പുൽക്കൂട്ടുകളും, ചെടികളും, മരങ്ങളും, ഇവയെല്ലാം കണ്ടുനിൽക്കുന്നത് പോലെ അഥവാ ആസ്വദിച്ച് നിൽക്കുന്നത് പോലെ മരങ്ങളും പുൽക്കൂട്ടുകളും നിവർന്നു നിൽക്കുന്നു. മരക്കൂട്ടുകൾ ക്ക് ഇടയിലൂടെ ഒരു നാടോടി പാട്ടുപോലെ കാറ്റ് വീശുന്നു. എന്റെ ഗ്രാമത്തിൽ ഒരു സ്കൂൾ ഉണ്ട്. ഒരു കുന്നിൻ മുകളിലാണ് ആ സ്കൂൾ സ്ഥിതി ചെയ്യുന്നത്.

മനോഹരമാണ് സ്കൂൾ കാരണം ആ സ്കൂളിൽ നിന്ന് താഴോട്ട് നോക്കിയാൽ ധാരാളം മരങ്ങളും, ചെടികളും, റോഡുകളും വാഹനങ്ങൾ പോകുന്നതും, മലകളും, പുഴകളും പാഠങ്ങളും ഇതെല്ലാം വിശാലമായി തന്നെ അവിടെ നിന്ന് കാണാൻ കഴിയും. നമുക്ക് ആസ്വദിക്കാൻ കഴിയുന്ന കാഴ്ചകളാണ് ഓരോ ഗ്രാമത്തിൽ നിന്ന് നമുക്ക് കാണാൻ കഴിയുന്നത്.

ഓരോ ഗ്രാമത്തിനും അതിന്റെ തായ് പ്രത്യേകതകളും സവിശേഷതകളും ഉണ്ടാകും. ഗ്രാമങ്ങളുടെ ഒരു പ്രത്യേകതയാണ് പ്രകൃതി. ഞങ്ങളുടെ കൊച്ചു ഗ്രാമം പ്രകൃതിയാൽ നിർമ്മിതമാണ്. ഗ്രാമങ്ങളിൽ നിന്ന് പ്രകൃതിയുടെ ഓരോ സവിശേഷതകളും പച്ചപ്പ് എന്നിവയെല്ലാം നമ്മുക്ക് കാണാൻ കഴിയും.

ഗ്രാമങ്ങളിൽ നന്മകളാൽ സമൃദ്ധമാണ്. മനസ്സിന് തന്നെ കുളിർമ പകർത്തുന്ന സന്തോഷിപ്പിക്കുന്ന മനോഹരമായ പ്രകൃതിയുടെ സൗന്ദര്യം നിറഞ്ഞ ഒരു കൊച്ചു ഗ്രാമമാണ് എന്റേത്.

## എന്റെ കൊച്ചു ഗ്രാമം

-------------------------------------------

ഇരിമ്പിളിയം ദേശത്തെ മോസ്കോ എന്ന ഗ്രാമത്തിലാണ് എന്റെ കൊച്ചു വീട്. ഭാരതപ്പുഴയും അമ്പലവും പള്ളിയും കൊച്ചു സ്കൂളും എല്ലാം ഒത്തിണങ്ങിയതാണ് എന്റെ കൊച്ചു ഗ്രാമം. സ്നേഹത്തിന്റെയും സൗഹൃദത്തിന്റെയും ഗ്രാമമാണ് എന്റെ ഗ്രാമം. എല്ലാവരും ഒത്തുചേർന്ന് പൂരവും നബിദിനവും നടത്തുന്ന നാട്. പുഴയുടെ അടുത്ത് വാഴത്തോട്ടവും നെൽകൃഷിയും കാണാൻ നല്ല രസമാണ്. ഞാൻ പഠിച്ച എന്റെ സ്കൂൾ ഈ പുഴയുടെ അടുത്താണ്. എൽകെജി മുതൽ നാലുവരെ ഈ സ്കൂളിൽ ആണ് ഞാൻ പഠിച്ചത്.ഒരുപാട് സ്നേഹം തന്ന ടീച്ചറാണ് എന്റെ പത്മിനി

# ഷിംല വഴി കുളു മണാലിയിലേക്ക്..

ഷിംല വഴി കുളു മണാലിയിലേക്ക് ഒരു യാത്ര. അത് വല്ലാത്ത ഒരു എക്സ്പീരിയൻസ് ആണ്. ഷിംലയിലെ കാട്ടിനുള്ളിലെ കോട്ടേജിലേക്കുള്ള സാഹസികത ഏറിയ വഴികളിലൂടെ രണ്ടുദിവസം അവിടെ നിൽക്കുന്നതും വിനോദങ്ങളിലും ഏർപ്പെട്ട് കളിച്ചു രസിച്ച ദിനങ്ങളും മൂന്നാം ദിവസം രാത്രി കുളു മണാലിയിലേക്ക് എത്തുകയും അവിടെ –17°c തണുപ്പത്ത് രാത്രി കിടക്കുകയും രാവിലെ വിനോദത്തിലേർപ്പെട്ട് രണ്ട് മൂന്ന് ദിവസം ചുറ്റുകയും ചെയ്ത യാത്രയായിരുന്നു അത്.



രാത്രി കൃത്യം 10:30 ന് കാട്ടിനുള്ളിലെ അതിസാഹസികമായ വഴികളിലൂടെ ഞാനും യാത്രാസംഘം ഞാനടങ്ങിയ യാത്ര സംഘവു പോവുകയായിരുന്നു പാതി വഴിയിൽ തണുത്തു മരവിച്ച എനിക്ക് തന്റെ സ്കാർഫിന്റെ പകുതി തന്ന് അനിയത്തി എന്റെ മനസ്സിലെ ഹീറോ ആയി യും ഞാൻ യാത്ര ആസ്വദിക്കുകയായിരുന്നു എന്നിട്ട് ഞങ്ങൾ താമസിക്കുന്ന കൊട്ടേജിൽ എത്തിയപ്പോൾ സമയം 11:45. ഞാനും ഏട്ടനും അനിയത്തിയും നീണ്ട നിദ്രയിലായിരുന്നു. ഞങ്ങളെ മൂന്നു പേരെയും ഞങ്ങളുടെ മുറിയിലേക്ക് ആക്കി അമ്മയും മാമനും അമ്മായിയും അവരുടെ റൂമിലേക്ക് പോയി. പിറ്റേന്ന് എണീക്കുമ്പോൾ ഏകദേശം രാവിലെ ആകാൻ ആയിട്ടുള്ളൂ സമയം. ഞങ്ങൾ ആപ്പിൾ തോട്ടങ്ങളിൽ ചുറ്റിക്കറങ്ങി കുറച്ചുനേരം ഒളിച്ചു കളിച്ചു സമയം ചിലവഴിച്ചു. അവസാനം യാത്ര സംഘത്തോടൊപ്പം ഞങ്ങൾ പ്രാതൽ കഴിക്കുകയുംചെസ്സ് കളിച്ചുംകഥകൾ പറയുകയും കാട്ടിനുള്ളിലെ സാഹിത്യ കളികളിൽ ഏർപ്പെട്ടും രണ്ടു ദിനങ്ങളുടെ പകൽ ഞങ്ങൾ ചിലവഴിച്ചു.രാത്രികളിൽ ക്യാമ്പ് ഫയറിങ്ങും ചുറ്റും ആഹ്ലാദിച്ചും പാട്ടുകൾ പാടിയും ഞങ്ങൾ ഷിംലയിലെ ദിനങ്ങൾ ചിലവഴിച്ചു. കുളു മണാലിയിലേക്കുള്ള യാത്ര തുടരുന്നതിനു മുമ്പ് ഞാനുണ്ടാക്കിയ മരം കൊണ്ടുള്ള വിമാനത്തെ അവിടെ പോയതിന്റെ സ്മരണയ്ക്കായി അവിടെ വെച്ചുപോന്നു. പിന്നീടുള്ള യാത്രയിൽ ഭക്ഷണം കഴിച്ചും അന്താക്ഷരി കളിച്ചും ഉറങ്ങിയും പ്രേതകഥകൾ പറഞ്ഞു ഞങ്ങൾ അവസാനത്തെ ഡെസ്റ്റിനേഷനായ കുളു മണാലിയിൽ എത്തി. അപ്പോൾ സമയം 9:15 മൈനസ് 17 ഡിഗ്രി സെൽഷ്യസിൽ ഞങ്ങൾ അവിടെ ഒരു റിസോർട്ടിൽ തങ്ങുകയും അത്താഴമായി പാവയ്ക്ക അച്ചാറും ചപ്പാത്തിയും കഴിച്ചശേഷം ഞങ്ങൾ ഉറങ്ങി. പിറ്റേദിവസം വസ്ത്രങ്ങൾ അണിഞ്ഞ് ഞങ്ങൾഎല്ലാവരും അവിടത്തെ ട്രക്കിംഗ് സ്പോട്ടിൽ ചെന്നു. പകുതി പേർ കേബിൾ കാറുകളിലും ഞാൻ അടങ്ങിയ പകുതി പേർ 'യാക്ക്' എന്ന കാളവർഗ്ഗത്തിൽപ്പെട്ട ജീവികളുടെ മുതുകത്ത് സവാരി ചെയ്തും ഞങ്ങൾ സ്ഥലത്തെത്തി. ഹിമാലയ

താഴ്വാരത്തിലെ മഞ്ഞു കൊണ്ടുള്ള വിനോദ പാർക്കിൽ മഞ്ഞിലിടുന്ന ബൂട്ടിട്ട ശേഷം ഞാനും അമ്മയും മാമനും അനിയത്തിയും ഉല്ലസിച്ചു. എന്നിട്ട് ഹിമാല താഴ്വാരത്തിലുള്ള മഞ്ഞ് ഉരുട്ടി പന്തു പോലെയാക്കി പരസ്പരം എറിഞ്ഞു കളിച്ചു രസിച്ചു തിരിച്ച് ട്രെയിൻ കയറി ഞങ്ങൾ നാട്ടിലേക്ക് പോന്നു. അന്നെനിക്ക് എട്ടു വയസ്സ് ഇപ്പോൾ 14. ആറുവർഷം കഴിഞ്ഞിട്ടും ആ യാത്ര ഇന്നും എന്റെ മനസ്സിൽ ഉണ്ട്. ആ യാത്ര എനിക്ക് തന്ന അനുഭവങ്ങൾ അത്രയും മനോഹരമാണ്. ഷിംല വഴി കുളു മണാലിയിലേക്ക് ഉള്ള ആ യാത്ര ഒരു വല്ലാത്ത എക്സ്പീരിയൻസ് ആണ്.


---എമിൽ ബി എസ് –

## വെള്ളപ്പൊക്കത്തെ നേരിട്ട കുട്ടി

ഒരു ദിവസം കേരളത്തിൽ വലിയ വെള്ളപ്പൊക്കം ഉണ്ടായി. അതിൽ കുറെ കുടുംബങ്ങളുടെ വീട്ടിൽ വെള്ളം കയറി. അതിൽ ഒരു കുട്ടിക്ക് ഒരു സൂത്രം തോന്നി. ഈ വെള്ളപ്പൊക്കം ഉണ്ടാകുമ്പോൾ വീട്ടിൽ വെള്ളം കയറാതിരിക്കാനുള്ള ഒരു സൂത്രം. അത് അവൻ അവന്റെ ടീച്ചറോട് പറഞ്ഞു. അപ്പോൾ ടീച്ചർ സൂചനയെ കുറിച്ച് പറഞ്ഞുനോക്കി. അങ്ങനെ സൂത്രം അവർ സെലക്ട് ചെയ്തു.ആ സൂത്രം ഇപ്പോൾ കുറെ ആളുകൾക്ക് പ്രയോജനം ആയിട്ടുണ്ട്. ആ സൂത്രമായിരുന്നു വീട്ടിൽ അടിയിൽ ഒരു റാഫ്റ്റ് പോലെയുള്ള ഒരു സംവിധാനം വരുത്തിയാൽ വെള്ളം കടക്കാതെ പ്രതിരോധിക്കാൻ കഴിയും.



# ബഷീറിന് ഒരു കത്ത്



പ്രിയപ്പെട്ട ബഷീർ

എനിക്ക് ഇമ്മിണി വലിയ ഒന്നുകാരന്റെ എല്ലാ നോവലുകളും വളരെ ഇഷ്ടമാണ്. അതിൽ 'പാത്തുമ്മയുടെ ആട്'' എന്ന നോവലാണ് എനിക്ക് ഏറെ ഇഷ്ടം. എന്തുകൊണ്ടാണ് എല്ലാവരും അങ്ങയുടെ നോവലുകൾ വായിക്കുന്നത്?
എന്തുകൊണ്ടാണ് മറ്റ് നോവലിനേക്കാൾ 'പാത്തുമ്മയുടെ ആട്'' എന്ന നോവൽ വളരെ പ്രശസ്തമായത്. എനിക്കറിയാം അങ്ങയുടെ മഹത്തായ അനുഭവങ്ങളും, പ്രയോഗിച്ചിരിക്കുന്ന നാടൻ ഭാഷാ ശൈലിയും എല്ലാം ഈ കൃതിയെ ഹൃദയത്മകമാക്കിയിരിക്കുന്നു. അങ്ങയുടെ ഈ നോവൽ വായിച്ചതിനുശേഷം ആണ് ഞാൻ അങ്ങയുടെ ഒരു വലിയ ആരാധകനായി മാറിയത്. അതുകൊണ്ട് അങ്ങയെ കാണാനുള്ള അതിയായ ആഗ്രഹത്താൽ ഞാൻ അങ്ങയുടെ ബേപ്പൂരിലെ വീട്ടിലേക്ക് വന്നപ്പോൾ അത് പൂട്ടിയിട്ടിരിക്കുകയായിരുന്നു. ഞാനവിടെ ആടിന്റെ വല്ല മൃദുലമായ കരച്ചിലും കേൾക്കുമോ എന്ന് നോക്കി. എനിക്കത് കേൾക്കാൻ കഴിഞ്ഞില്ല. പിന്നീടാണ് ഞാൻ ആ സത്യം മനസ്സിലാക്കിയത്. അങ്ങ് അവിടം വിട്ടു പോയിട്ട് കുറെ കാലങ്ങളായെന്ന്. താങ്കളോടുള്ള അതിയായ ആരാധന മൂലമാണ് ഞാൻ ഈ കത്ത് അയക്കുന്നത്. താങ്കൾക്ക് ഈ കത്ത് വായിക്കാൻ കഴിയില്ലെന്ന് എനിക്കറിയാം എന്നാലും എനിക്കീ കത്ത് എഴുതാൻ തോന്നി.

എന്ന്
ആരാധനയോടെ
എമിൽ ബി എസ്

# വേരറ്റു പോയ മരം

വസന്തത്തിലെ രണ്ട് പൂക്കൾ ആയിരുന്നു പാർവതിയും പ്രണവും. സുഖദുഃഖങ്ങളിലൂടെ അവർ ആ ഭാര്യാഭർതൃ ബന്ധം തുടർന്നു. ഋതുക്കൾ കഴിഞ്ഞ ആ വസന്തത്തിലേക്ക് മഞ്ഞു തൂകിക്കൊണ്ട്  ഒരു കുഞ്ഞു ശരത്. ഒരു ഹേമന്തകാലമായി അവരുടെ ജീവിതത്തിലേക്ക് കടന്നുവന്നു. ആണും പെണ്ണും ആയി ഒറ്റമോനെ അവർക്കുണ്ടായിരുന്നുള്ളൂ  അവനെ അവർ ആവശ്യത്തിലേറെ സുഖസൗകര്യങ്ങളോടെ വളർത്തി.

ഋതുക്കൾ കടന്നുപോയി ശരത്ത് വളർന്നു. വർണ്ണചിറകിന്റെ ഈ ലോകം അവനെ മാറ്റിമറിച്ചു.ഏറെ ആർഭാടത്തോടെ ശരത്തിന്റെ വിവാഹം ശരണ്യയുമായി നടത്തി. അവൾ വന്നതിൽ പിന്നെ അവരുടെ ജീവിതം ആകെ മാറിമറിഞ്ഞു. ചുഴലിയിൽ ആടി ഉലഞ്ഞ മരം പോലെ അവരുടെ ജീവിതം ആടിയുലയാൻ തുടങ്ങി.പതിയെ അവനിലെ മാതൃസ്നേഹവും പിതൃ സ്നേഹവും മുട്ടറ്റ് വീഴാൻ തുടങ്ങി. വീട്ടിലെ പട്ടി കുട്ടിക്ക് ഉള്ള സ്ഥാനം പോലും അവൻ അവന്റെ അച്ഛനും അമ്മയ്ക്കും നൽകിയില്ല. അവൻ അവന്റെ ഭാര്യയുടെ വാക്കുകൾ കേട്ട് കരിയിലകൾ കത്തിക്കുന്നത് പോലെ അച്ഛനെയും അമ്മയെയും അവൻ വൃദ്ധാസദനത്തിലേക്ക് കൊണ്ടുതള്ളി. ഈ നീച പ്രവർത്തികൾ ശരത്തിന്റെ മകൻ കാണുന്നുണ്ടായിരുന്നു.  ഈ നീച പ്രവർത്തികൾ അവൻ അനുകരിച്ചുകൂടായികയില്ല...

ശിവന്യ
9B

# എന്റെ കൊച്ചു ഗ്രാമം

---------------------------------------------



ഇരിമ്പിളിയം ദേശത്തെ മോസ്കോ എന്ന ഗ്രാമത്തിലാണ് എന്റെ കൊച്ചു വീട്. ഭാരതപ്പുഴയും അമ്പലവും പള്ളിയും കൊച്ചു സ്കൂളും എല്ലാം ഒത്തിണങ്ങിയതാണ് എന്റെ കൊച്ചു ഗ്രാമം. സ്നേഹത്തിന്റെയും സൗഹൃദത്തിന്റെയും ഗ്രാമമാണ് എന്റെ ഗ്രാമം. എല്ലാവരും ഒത്തുചേർന്ന് പൂരവും നബിദിനവും നടത്തുന്ന നാട്. പുഴയുടെ അടുത്ത് വാഴത്തോട്ടവും നെൽകൃഷിയും കാണാൻ നല്ല രസമാണ്. ഞാൻ പഠിച്ച എന്റെ സ്കൂൾ ഈ പുഴയുടെ അടുത്താണ്. എൽകെജി മുതൽ നാലുവരെ ഈ സ്കൂളിൽ ആണ് ഞാൻ പഠിച്ചത്.ഒരുപാട് സ്നേഹം തന്ന ടീച്ചറാണ് എന്റെ പത്മിനി ടീച്ചർ. എന്റെ ഗ്രാമം ആണ് എന്റെ സന്തോഷം.



## പാമ്പും തവളയും

പണ്ട് പണ്ട് ആഫ്രിക്കൻ കാട്ടിൽ ഒരു കുഞ്ഞു പാമ്പും അമ്മയും താമസിച്ചിരുന്നു. അവരുടെ മാളത്തിൽ അടുത്തായി ഒരു തവളയും കുഞ്ഞും പാർത്തു. ഒരുനാൾ പാമ്പിൻ കുട്ടിക്ക് കാട് ചുറ്റി കാണാൻ കൊതിയായി അമ്മയെ വിട്ട് കുഞ്ഞു പുറത്തേക്ക് ഇറങ്ങാൻ തുടങ്ങുമ്പോൾ അമ്മ പാമ്പ് പറഞ്ഞു മോനെ ചുറ്റിലും നീളൻ കൊക്കുകളും കൂർത്ത നഖങ്ങളും ഉണ്ട്.മൂർച്ചയുള്ള ആയുധങ്ങളുമായി മനുഷ്യരുണ്ട് സൂക്ഷിക്കണം. കുഞ്ഞുപാമ്പ് അമ്മയെ അനുസരിച്ച് തലയാട്ടി. ഈ സമയംകാട് ചുറ്റിക്കാണാൻ വേണ്ടി തവള കുഞ്ഞുമൊരുങ്ങി നിൽക്കുകയായിരുന്നു. അമ്മത്തവളയോട് കുഞ്ഞിത്തവളെ സമ്മതം ചോദിച്ചപ്പോൾ തവള പറഞ്ഞു മോളെ കാട്ടിനുള്ളിൽ പാമ്പുകളും മനുഷ്യരും ഉണ്ട് സൂക്ഷിക്കണം. സമ്മത ഭാവത്തിൽ തലയാട്ടി അമ്മയോട് യാത്ര പറഞ്ഞു ഇറങ്ങി. കാട്ടിലൂടെ തവള കുഞ്ഞു കാഴ്ചകൾ ഓ ഓരോന്ന് കണ്ടു നടന്നു. അല്പനേരം കഴിഞ്ഞ് തിരിച്ചു പോകുമ്പോഴാണ് തവള കുഞ്ഞ് പാമ്പിൻ കുഞ്ഞിനെ കണ്ടത്കണ്ടപ്പോൾ തന്നെ അവർ ചങ്ങാതിമാർ ആയി. അങ്ങനെ അവർ ചങ്ങാതിമാരായി. അവർ പല  കളികളും കളിക്കാൻ തുടങ്ങി. ആദ്യം പാമ്പ് തവളയെ പോലെ ചാടി ചാടി നടക്കാൻ പഠിച്ചു തവളയാവട്ടെ പാമ്പിനെപ്പോലെ തന്നെ നടക്കാനും മാളത്തിൽ ഒളിച്ചിരിക്കാനും പഠിച്ചു. ഒടുവിൽ അവർ ഞങ്ങളുടെ താമസ സ്ഥലത്തേക്ക് എത്തി. പാമ്പിൻ കുഞ്ഞിനെ കാണാതെ പാമ്പും തവള കുഞ്ഞിനെ കാണാതെ തവളയും വിഷമിച്ചിരിക്കുകയായിരുന്നു. അമ്മയെ കണ്ട മാത്രയിൽ പാമ്പിൻ കുഞ്ഞ് നടന്നതെല്ലാം വിശദീകരിച്ചു. തവള കുഞ്ഞ് തന്റെ അമ്മയോടും കാര്യങ്ങൾ പറഞ്ഞു. അപ്പോൾ പാമ്പിൻ കുഞ്ഞിനോട് പാമ്പ് പറഞ്ഞു മകനെ ഒരിക്കലും തവളയെ പോലെ ചാടി ചാടി നടക്കുകയോ അവരെപ്പോലെ കരയുകയോ ചെയ്യരുത്. അത് നമ്മുടെ രീതിയല്ല. അമ്മത്തവള ഇങ്ങനെയാണ് തവള കുട്ടിയോടും പറഞ്ഞത് മോളെ നീ ഒരു പാമ്പിനെ പോലെ ഇഴഞ്ഞു പോകുകയോ  മാളത്തിൽ കയറി ഒളിക്കുകയോ ചെയ്യരുത് അതൊന്നും നമ്മുടെ രീതിയല്ല. ഇനി പാമ്പിനൊപ്പം കൂട്ടുകൂടരുത്. അങ്ങനെയാണ് പാമ്പും തവളയും ശത്രുക്കൾ ആയത്.

## സൈബർ ലോകവും വിദ്യാർത്ഥികളും

ഒരിടത്ത് ഒരു മിടുക്കനായ കുട്ടി ഉണ്ടായിരുന്നു അവന്റെ പേരാണ് രാജു. അവൻ ക്ലാസിലെ നല്ല പഠിക്കുന്നവനും എല്ലാത്തിനും പങ്കെടുക്കുന്നവനും ആയിരുന്നു. അവന്റെ മാർക്കിൽ അവന്റെ അച്ഛനും അമ്മയും സംതൃപ്തരായിരുന്നു. ഒരു ദിവസം അവൻ അവന്റെ അമ്മയോട് പറഞ്ഞു എനിക്ക് ഇന്റർനെറ്റ് വേണം എന്നാൽ എനിക്ക് ഇനിയും ഉന്നതമായി പഠിക്കാം. അപ്പോൾ അവന്റെ അമ്മ പറഞ്ഞു ഞാൻ അച്ഛനോട് ഒന്ന് ചോദിക്കട്ടെ. അമ്മ ചോദിച്ചു, അവന്റെ ഉന്നത വിജയത്തിന് വേണ്ടിയല്ലേ എന്ന് അച്ഛനും പറഞ്ഞു. പിറ്റേദിവസം തന്നെ അവന് ലാപ്ടോപ്പ് വാങ്ങിക്കൊടുത്തു. ആദ്യ ദിവസങ്ങളിൽ എല്ലാം അവന്റെ കൂടെ അമ്മയും ചേട്ടനും  ഇരുന്ന് അവൻ പഠിക്കുകയായിരുന്നു. പിന്നീടുള്ള ദിവസങ്ങൾ കഴിയുന്തോറും അവന്റെ പഠിക്കാനുള്ള ചിന്ത കുറയുകയും അവൻ അതിന്മേൽ അധികസമയം ചിലവഴിക്കുകയും ചെയ്തു. അവന്റെ സഹോദരൻ രാമു കളിക്കാൻ വിളിക്കുമ്പോൾ പഠിക്കാൻ വിളിക്കുമ്പോൾ അവൻ പിന്നെ വരാം എന്ന് പറഞ്ഞ് ഒഴിവാകും. പിന്നെ അവൻ ഏതു നേരവും അതിലായി.പരീക്ഷ വന്നെത്തി അവൻ ഒന്നും പഠിക്കാതെ അതിൽ മുഴുകി പരീക്ഷയിൽ അവൻ ജയിക്കുക പോലും ചെയ്തില്ല. അവന്റെ അമ്മയും അച്ഛനും ആകെ പരിഭ്രാന്തരായി. അവർ അന്ന് തന്നെ അതിന്റെ ഇന്റർനെറ്റ് ഉപേക്ഷിച്ചു.

Fathiima sana T P



# ഒരു കുഞ്ഞു ഫാമിലി




ഞങ്ങൾ ഒരു കുഞ്ഞു ഫാമിലി ആണ്.എന്റെ ഉപ്പാന്റെ സുഹൃത്തിനെ ജോലിയുടെ ആവശ്യവുമായി ബന്ധപ്പെട്ട ഒരു സ്ഥലം വരെ പോകാമായിരുന്നു. അങ്ങനെ രാത്രി 12 മണിക്ക് ഉപ്പയും ഞാനും കൂടെ ഓട്ടോറിക്ഷയിൽ അവരെ കൊണ്ടാൻ പോയി.അങ്ങനെ വീട്ടിൽ പോയി അവരെയും എടുത്ത് ഞങ്ങൾ നിലമ്പൂരിൽ റെയിൽവേ സ്റ്റേഷനിൽ പോയി കുറച്ച സമയം കാത്തിരുന്ന ശേഷം അവരെ വണ്ടിയിൽ കയറ്റി ഞങ്ങൾ അവിടെനിന്നും മടങ്ങി. ഞങ്ങൾ വരുന്ന വഴി 14 കിലോമീറ്റർ ഉള്ളിലേക്ക് കാട് ആയിരുന്നു കുറച്ചുള്ളിലേക്ക് വന്നപ്പോഴേക്കും ഉപ്പയുടെ വണ്ടിയുടെ ടയർ പഞ്ചറായി. ഞങ്ങൾ കാട്ടിൽ വണ്ടി നിർത്തി ടയർ മാറ്റുകയായിരുന്നു അപ്പോൾ സമയം 1:30 ആയിരുന്നു അപ്പോൾ ദൂരെനിന്നും കാലൻ കോഴി കൂകുന്ന ഒച്ച ഞങ്ങൾ കേട്ടു ഞാൻ പേടിച്ചു ഉപ്പയുടെ അടുത്ത് നിന്നു. അപ്പോൾ ചാർജ് കഴിഞ്ഞു ഫോൺ ഓഫ് ആയി. അപ്പോൾ അങ്ങോട്ട് എക്സൈസ് വണ്ടി വന്നു അവർ ഞങ്ങളോട് ഒരു ഒച്ച കേട്ടോ എന്ന് ചോദിച്ചു നിങ്ങൾ ആരാണെന്നെല്ലാം ചോദിച്ചു അവർക്ക് പേടിയുണ്ടായിരുന്നു അവർ രണ്ടുപേർ മാത്രമായിരുന്നു അങ്ങനെ ടയർ മാറ്റുന്നത് വരെ അവർ അവിടെനിന്നു എന്നിട്ട് ഞങ്ങൾ അവിടെ നിന്നും മടങ്ങി കൃത്യം 2:30 ആയപ്പോൾ ഞങ്ങൾ വീട്ടിലെത്തി എന്റെ ജീവിതത്തിൽ എന്നെ ഏറെ ഭയപ്പെടുത്തിയ ഒരു അനുഭവമാണിത്..

Aleela k

9A

# എന്റെ കൊറോണ കാലം

2018 ലൂടെ ചൈനയിൽ പൊട്ടിപ്പുറപ്പെട്ട ഒരു മാരകരോഗമായിരുന്നു കൊറോണ. വന്നാൽ ദിവസങ്ങൾക്കുള്ളിൽ മരണപ്പെടും. മണിക്കൂറിൽ ആയിരം പേർ പിടഞ്ഞുവീണു മരിക്കുന്നു. വ്രത ശരീരം സ്വന്തം വീട്ടുകാരെ പോലും കാണിക്കാനാവാത്ത സാഹചര്യമായിരുന്നു അത്. കടകളെല്ലാം അടച്ചുപൂട്ടിയിരുന്നു. കുട്ടികളുടെ പഠനം പോലും ഇല്ലാതായി. ഈ രോഗം ലോകം മുഴുവൻ വ്യാപകമായിരുന്നു. സ്കൂളിന് അവധി പ്രഖ്യാപിച്ച ദിവസം ഞാൻ സ്കൂളിലേക്ക് പോയിരുന്നില്ല. സ്കൂളിൽ രണ്ടു നാലു ദിവസം അവധിയാണ് എന്ന് കേൾക്കുമ്പോൾ ഏതൊരു കുട്ടിയിലും ഉണ്ടായേക്കാവുന്ന സന്തോഷം എനിക്കും ഉണ്ടായിരുന്നു. അങ്ങനെ മാസങ്ങൾ കഴിഞ്ഞു. നാളെ തുറക്കും എന്ന പ്രതീക്ഷ എന്നിൽ ഉണ്ടായിരുന്നു. കാരണം കുറച്ചുനാൾ സ്കൂളും കൂട്ടുകാരെയും എല്ലാം വിട്ടു നിന്നപ്പോൾ ആ പ്രായത്തിൽ ഉണ്ടായേക്കാവുന്ന സങ്കടം എന്നെ വല്ലാതെ അലട്ടിയിരുന്നു. വീട്ടിലിരുന്ന് പഠിക്കാനുള്ള സൗകര്യം സർക്കാർ ചെയ്തു തന്നിരുന്നു. T v യിൽ കൈറ്റ് വിക്ടേഴ്സ് എന്ന ചാനലിൽ അതാത് ക്ലാസുകൾ സമയപ്രകാരം ഓരോ വിഷയങ്ങളും എടുത്തിരുന്നു. കടകളെല്ലാം അടച്ചത് കൊണ്ട് പഠിക്കാനുള്ള നോട്ടുപുസ്തകങ്ങളും പാഠപുസ്തകങ്ങളും എല്ലാം വീട്ടിലെത്തിച്ചു തന്നിരുന്നു പക്ഷേ കൂട്ടുകാരോടൊപ്പം ഇരുന്ന് പഠിക്കുമ്പോൾ കിട്ടുന്ന സുഖം. മറ്റെവിടുന്നും കിട്ടില്ല എന്ന് എനിക്ക് മനസ്സിലായി പുറത്തേക്ക് ഇറങ്ങണമെങ്കിൽ മാസ്ക് ധരിക്കണം.ഇല്ലെങ്കിൽ വലിയൊരു തുകപിഴ നൽകേണ്ടതായി വന്നിരുന്നു.അതുപോലെതന്നെ പുറത്തുപോയി വന്നാൽ കൈകൾ സാനിറ്റൈസർ ഉപയോഗിച്ച് വൃത്തിയാക്കുകയും ഹാൻഡ് വാഷ് ഉപയോഗിച്ച് കഴുകുകയോ ചെയ്യണം.



അന്നൊക്കെ റോഡ് ശല്യം ആയിരുന്നു. എന്റെ വീട് റോഡിനോട് ചേർന്നതായിരുന്നു. സെക്കന്റുകൾക്കിടയിൽ ചീറിപ്പാഞ്ഞു പോകുന്ന വണ്ടികൾ എല്ലാം തന്റെ ഉടമസ്ഥന്റെ വീട്ടിൽ വിശ്രമത്തിൽ ആയിരുന്നു. ഉറക്കെ പറയുന്നത് എപ്പോ വഴി മുഴങ്ങി കേൾക്കാമായിരുന്നു ചുരുക്കിപ്പറഞ്ഞാൽ മുഴുവൻ ഒരു ശാന്തത ഇതിനി ഇടയിൽ സ്കൂളുകളിൽ നിന്നും കുട്ടികളെ ചേർക്കാൻ അധ്യാപകർ വന്നിരുന്നു അങ്ങനെ അവർ എന്റെ വീട്ടിലും എത്തിയിരുന്നു V.P. A. UP വെണ്ടല്ലൂർ സ്കൂളിലെ അധ്യാപകർ ആയിരുന്നു. സമ്മതമാണോ എന്ന് ചോദിച്ചപ്പോൾ ഞാൻ മറ്റൊന്നും ചിന്തിക്കാതെ സമ്മതിച്ചു.

അങ്ങനെ ഗവൺമെന്റിന്റെ എല്ലാ നിർദ്ദേശംപ്രകാരം പാലിച്ച സ്കൂളുകൾ ഒന്നര കൊല്ലം ശേഷം തുറന്നു. പുതിയ സ്കൂളും കൂട്ടുകാർ ഒക്കെ ആയിരുന്നു ഞാൻ ചെന്നിടത്ത്. ആ സ്കൂളിലേക്ക് ഒരു ദിവസം മാത്രമേ പോയുള്ളൂ. എനിക്കെന്റെ പഴയ പറമ്പ് സ്കൂളിലേക്ക് പോകണം എന്ന് വാശി പിടിച്ചു. എനിക്ക് ഏറ്റവും പ്രിയം അതിനോട് ആയിരുന്നു. എനിക്ക് വെണ്ടല്ലൂർ സ്കൂളിൽ നിന്നും ടി സി കിട്ടി ഞാൻ നയിപ്പറമ്പ് തന്നെ പോയി ചേർന്ന് വീണ്ടും അവിടേക്ക് തന്നെ എത്തിയപ്പോൾ എനിക്ക് വളരെ സന്തോഷമായിരുന്നു.

പക്ഷേ ഈ ഭാഗ്യം പല കുട്ടികൾക്കും നഷ്ടമായിരുന്നു. അവരെ ഇതൊന്നും അനുഭവിക്കാൻ അനുവദിക്കാതെ കൊറോണ കൊണ്ടുപോയിരുന്നു. ഞാൻ പുതിയ സ്കൂളിലേക്ക് എത്തിയപ്പോൾ അത് എട്ടാം ക്ലാസ് ആയിരുന്നു ഈ മാരക രോഗത്തിന് എതിരെയുള്ള വാക്സിൻ വന്നത് സ്കൂളുകളിലും പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലും 18 വയസ്സിനു മുകളിൽ ഉള്ളവർക്ക് വാക്സിനേഷൻ നൽകിയിരുന്നു. എനിക്ക് സ്കൂളിൽ നിന്നായിരുന്നു വാക്സിനേഷൻ നൽകിയത്.

മനുഷ്യൻമാരുടെ അടുത്ത് പോവാത്ത ചങ്ങലയാണ് ഇന്നു കാണുന്ന ഓരോ മനുഷ്യനും. എല്ലാവരും ആ കാലത്ത് ഭക്ഷണവും സാധനങ്ങളും തന്ന് സംരക്ഷിച്ചില്ലായിരുന്നെങ്കിൽ ഇന്ന് കാണുന്ന ഓരോരുത്തരും ഞാൻ പോലും ഇന്ന് ജീവനോടെ കാണുമായിരുന്നില്ല

മനുഷ്യരുടെ വലിയ കൂട്ടായ്മയാണ് ഈ ലോകത്തെ രക്ഷിച്ചത് തലമുറയ്ക്ക് ഇതൊരു പാഠമാകട്ടെ ഇനി ഇതുപോലെ ഒരു മാരക രോഗം ലോകത്ത് പിടിപെടാതിരിക്കട്ടെ..

**Manju E k**

# എന്റെ നാട്



പച്ചപ്പ് വിരിച്ച പാടങ്ങളും പുഴകളും തോടുകളും നിറഞ്ഞ എന്റെ നാട്.
രാവിലെ സൂര്യന്റെ കടന്നുവരവ്.പാടത്തു പണിക്ക് ഒരുങ്ങി നിൽക്കുന്ന കർഷകർ. രാവിലെ പണിക്കു പോകുന്ന കുടുംബനാഥന്മാർ.കുട്ടികൾ സുന്ദരന്മാരും സുന്ദരികളുമായി വിദ്യാലയത്തിലേക്ക് പോകുന്നു അമ്മയുടെ കയ്യിൽ നിന്ന് തല്ലും കിട്ടി എഴുന്നേറ്റ് വരുന്ന കുട്ടികൾ. ഒരു ദിവസത്തെ ഒരു ആരംഭം തന്നെ അങ്ങനെയാണ്. പാലു കറന്ന് എടുത്ത് കൊണ്ടുപോകുന്ന ചേട്ടന്മാർ,മീൻ കച്ചവടക്കാരുടെ കൂവിവിളി കേട്ട് വരുന്ന അമ്മ,വൈകിട്ട് ഫുട്ബോൾ കളിക്കുന്ന കുട്ടികളുടെ ശബ്ദം,പല കളികളും കളിക്കുന്ന കുട്ടികൾ,ഒരിടത്ത് കുട്ടികൾ സ്കൂൾ വിട്ടു വീട്ടിലേക്ക് മിട്ടായിയും മേടിച്ചു വരുന്നു, എന്നിങ്ങനെയുള്ള പലപല കാഴ്ചകൾ എന്റെ നാട്ടിലുണ്ട്.
പച്ചപ്പുനിറഞ്ഞുനിൽക്കുന്ന പാടങ്ങളുടെ അരികിലൂടെ പൂത്തുലഞ്ഞു നിൽക്കുന്ന മല്ലിച്ചടികൾ. സ്നേഹത്തോടെയും സൗഹൃദത്തോടെയും ഉള്ള ജനങ്ങൾ ആണ് ഈ നാടിനെ മനോഹരമാക്കുന്നത്. എത്ര വലിയ ദുരന്തത്തിലും ജനങ്ങൾ ഒരുമിച്ച് നിൽക്കുമ്പോഴാണ് അവിടം സുന്ദരമാകുന്നത്. എല്ലാംകൊണ്ടും ഞങ്ങളുടെ നാട് മനോഹരമാണ്, സ്നേഹം കൊണ്ടായാലും പ്രകൃതിഭംഗികൊണ്ടായാലും.

Bilal Mohammed VT 9D

# സിംഹാരാജന്റെ സൈന്യം

സിംഹാരാജൻ ഒരു ദിവസം കാട്ടിലെ മൃഗങ്ങളെയെല്ലാം വിളിച്ചുകൂട്ടി. മൃഗങ്ങളെല്ലാം ഒരുമിച്ചുകൂടിയപ്പോൾ സിംഹാരാജൻ പറഞ്ഞു "ഈ കാട്ടിലെ കാര്യങ്ങളെല്ലാം എനിക്ക് ഒറ്റയ്ക്ക് നോക്കാൻ സാധിക്കില്ല. നിങ്ങൾ ഓരോരുത്തരുടെയും സഹായം വേണം". അപ്പോൾ മൃഗങ്ങളെല്ലാം ഏകസ്വരത്തിൽ പറഞ്ഞു "അങ്ങയെ സഹായിക്കാൻ ഞങ്ങൾ തയ്യാറാണ് ". "ശരി ശരി" സിംഹരാജന് സന്തോഷമായി.

സിംഹം പറഞ്ഞു "നമ്മുടെ സൈന്യത്തിന്റെ തലവനായി ചീറ്റപ്പുലിയെയും നമ്മുടെ പ്രധാനമന്ത്രിയായി ആനയേയും നാം നിയമിക്കുന്നു ". മൃഗങ്ങളെല്ലാം ആർപ്പുവിളിച്ച് സന്തോഷം പ്രകടിപ്പിച്ചു.

ഓരോ മൃഗവും ചെയ്യേണ്ട ജോലികൾ സിംഹം വിവരിച്ചു കൊടുത്തു. ഒടുവിൽ ശേഷിച്ചത് മുയലും ആമയും കഴുതയും ആണ്. അവർക്ക് ചെയ്യാൻ ജോലിയൊന്നും കിട്ടിയില്ല. അതും പറഞ്ഞു മറ്റു മൃഗങ്ങൾ അവരെ കളിയാക്കി. മുയൽ ഒരു പേടി തൊണ്ടനാണ്. ആമയ്ക്ക് ഒരു കാര്യവും ചെയ്യാൻ പറ്റില്ല പതുക്കെ പതുക്കെ നടക്കുവാനേ പറ്റൂ. കഴുതയാണെങ്കിൽ ഒരു വിഡ്ഢിയും. മൃഗങ്ങളുടെ പരിഹാസവാക്കു കേട്ട് മുയലും ആമയും കഴുതയും വിഷമിച്ചു. സിംഹരാജൻ പറഞ്ഞു "നിർത്തു നിങ്ങളുടെ പരിഹാസം മുയൽ വേഗത്തിൽ ഓടുന്നവനാണ്.അവൻ സന്തോഷം എത്തിക്കുന്ന ജോലി നൽകുന്നു. ആമയ്ക്ക് ഒളിക്കാൻ കഴിവുണ്ട്. അവന് നാം രഹസ്യങ്ങൾ കണ്ടുപിടിക്കുന്ന ജോലി നൽകുന്നു. കവിതയ്ക്ക് അമറാനുള്ള കഴിവുണ്ട്. ഒച്ചയിട്ട് ആളെ കൂട്ടുന്ന ജോലി അവൻ ചെയ്യട്ടെ".സിംഹാരാജന്റെ വാക്കുകൾ കേട്ട മൃഗങ്ങൾ ഇളിഭ്യരായി. സിംഹം കൂട്ടി ചേർത്തു "നിങ്ങൾ ഒരു കാര്യം ഓർക്കുക. ഓരോരുത്തരും മറ്റുള്ളവരെ ബഹുമാനിക്കാൻ ആണ് പഠിക്കേണ്ടത്".

Ibrahim KP 9A

# എ-ഐ ഗുണങ്ങളും ദോഷങ്ങളും

അനന്തകൃഷ്ണൻ ആർ

ഇക്കാലത്ത് നമുക്ക് സുപരിചിതമായ ഒരു വാക്ക് ആണല്ലോ എ ഐ അഥവാ നിർമ്മിത ബുദ്ധി( ആർട്ടിഫിഷ്യൽ ഇന്റലിജൻസ്). എന്താണ് എ ഐ?

ആർട്ടിഫിഷ്യൽ ഇന്റലിജൻസ് എന്നത് ഒരു കമ്പ്യൂട്ടറിന്റെയോ റോബോട്ടിന്റെയോ സാധാരണയായി ബുദ്ധിജീവികളുമായി(മനുഷ്യന്മാരുമായി) ബന്ധപ്പെട്ട ജോലികൾ ചെയ്യുവാനുള്ള കഴിവാണ്. മനുഷ്യരിൽ നിന്നും വ്യത്യസ്തമായ രീതിയിൽ വലിയ അളവിലുള്ള ഡാറ്റ പ്റോസസ് ചെയ്യാൻ എഐക്ക് കഴിയും. പാറ്റേണുകൾ തിരിച്ചറിയുക,തീരുമാനങ്ങൾ എടുക്കുക,മനുഷ്യരെപ്പോലെ വിലയിരുത്തുക തുടങ്ങിയ കാര്യങ്ങൾ ചെയ്യാൻ കഴിയുക എന്നതാണ് എഐയുടെ ലക്ഷ്യം.

മറ്റു സാധനങ്ങളെപ്പോലെ തന്നെ നിർമ്മിത ബുദ്ധിക്കും അതിന്റേതായ ചില ഗുണങ്ങളും ദോഷവശങ്ങളും ഉണ്ട്.നിർമ്മിത ബുദ്ധി അതിന്റെ നിർമ്മിതിക്കനുസരിച്ച് ഏതൊരു ജോലിയും വളരെ സൂക്ഷ്മതയോടെയും കൃത്യതയോടെയും നിർവഹിക്കുന്നു. അതുകൊണ്ടുതന്നെ അവ മനുഷ്യന്റെ തെറ്റുകൾ കുറയ്ക്കുകയും ദൂരീകരിക്കുകയും ചെയ്യുന്നു. ഉദാഹരണത്തിന് വ്യാവസായിക മേഖലയിൽ നിർമ്മിത ബുദ്ധിയുടെ ഉപയോഗം. എ ഐ റോബോട്ടുകൾ എല്ലാ സമയവും പ്രവർത്തനക്ഷമമായിരിക്കുകയും മനുഷ്യപ്രയത്നം കുറയ്ക്കുകയും ചെയ്യുന്നു. വിഷയങ്ങളെ അതിവേഗം വിശകലനം ചെയ്യുവാനും തീരുമാനങ്ങൾ എടുക്കുവാനും നിർമ്മിത ബുദ്ധിക്ക് കഴിയും. വ്യാവസായിക മേഖലയിലെ എഐയുടെ കടന്നുവരുവോടെ ഉൽപാദനരംഗത്തും മറ്റും വലിയ വഴിത്തിരിവുകളുണ്ടാകും. നിർമ്മിച്ച ബുദ്ധി ഉൽപാദനക്ഷമത മെച്ചപ്പെടുത്തുകയും പ്രവർത്തനരഹിതമായ സമയം കുറയ്ക്കുകയും ഗുണനിലവാരനിയന്ത്രണം വർധിപ്പിക്കുകയും ചെയ്യുന്നു. നിരവധി തൊഴിലാളികളുടെ ജോലി നഷ്ടപ്പെടുത്തുന്നതിലേക്ക് ഇത് നയിക്കും. ഇത് കുറച്ചു പേരുടെ കൈകളിൽ സമ്പത്ത് കുമിഞ്ഞുകൂടുന്നതിലേക്കു നയിക്കും.ഇത് വ്യവസായികളെ

കൂടാതെ സാമൂഹിക മേഖലയിലും ഇതിന്റെ ഉപയോഗം വർധിച്ചുവരികയാണ്. പ്രതിരോധ മേഖലയിലും എഐയുടെ വലിയ സാന്നിധ്യം ഉണ്ട്. യുദ്ധം നടന്നത് കൂടുതൽ ജീവഹാനിയിലേക്കും വലിയ നാശനഷ്ടങ്ങളിലേക്കും ഇത് നയിക്കും. ആരോഗ്യ മേഖലയിലും ഇപ്പോൾ എഐ ഉപയോഗിച്ചുള്ള മെഷീനുകളുടെയും മറ്റുപകരണങ്ങളുടെയും എണ്ണം വലിയ തോതിൽ വർദ്ധിച്ചു വരികയാണ്.ഇപ്പോൾ രോഗികളെ ചികിത്സിക്കുന്നതിലും ജീവൻ രക്ഷിക്കുന്നതിലും വരെ എഐക്ക് വളരെ വലിയ പങ്കുണ്ട്. കാർഷിക മേഖലയിലും ഇപ്പോൾ എഐ വലിയ സ്വാധീനം ചെലുത്താൻ തുടങ്ങിയിരിക്കുന്നു. കീടനിയന്ത്രണത്തിനും കീടനാശിനി തളിക്കുന്നതിനും ജലസേചനത്തിനും കൃഷിസ്ഥലങ്ങളുടെ അതിർത്തി വരമ്പുകൾ തിരിച്ചറിയാനും എല്ലാം ഇപ്പോൾ എ ഐ ഉപയോഗിക്കുന്നു. ഇങ്ങനെ നിരവധി മേഖലകളിൽ ഉപയോഗം വർദ്ധിച്ചു വരികയാണ്. നിർമ്മിത ബുദ്ധിയിൽ പ്രവർത്തിക്കുന്ന ആധുനിക സാങ്കേതിക വിദ്യകൾ നിർമ്മിക്കുക എന്നത് നിലവിലെ സാഹചര്യത്തിൽ വളരെ ചെലവേറിയ പ്രക്രിയയാണ്. മനുഷ്യന്റെ വിവേകത്തെയും കലാവാസനെയേയും സർഗ്ഗാത്മകതയേയും അതേപടി ഒപ്പിയെടുക്കാൻ നിർമ്മിതബുദ്ധിക്ക് കഴിയില്ലെന്നത് ഒരു വലിയ യാഥാർത്ഥ്യമാണ്. ഉപഭോക്തൃ സേവനം, കമ്പാനിയൻ റോബോട്ടുകൾ വെർച്വൽ അസിസ്റ്റന്റുകൾ തുടങ്ങിയ ടാസ്കുകൾക്കായി എഐ നയിക്കുന്ന സൊല്യൂഷനുകളെ ആശ്രയിക്കുന്നത് മുഖാമുഖ ഇടപെടലുകൾ കുറയ്ക്കുന്നതിനും സാമൂഹിക ബന്ധങ്ങളുടെ വിള്ളലുകളിലേക്കും മാനസിക ക്ഷേമത്തെ പ്രതികൂലമായി ബാധിക്കുന്നതിനും ഇടയാക്കും. ഇപ്പോൾ എഐ ഉപയോഗിച്ച് നിരവധി സാമ്പത്തിക തട്ടിപ്പുകളും നടക്കുന്നുണ്ട്. സൈബർ സെക്യൂരിറ്റി അവേർനെസ് ട്രെയിനിങ്ങിലൂടെയും എഐയുടെ ശരിയായ ഉപയോഗത്തിലൂടെയും നമുക്ക് ഇതിനെ മറികടക്കാവുന്നതാണ്.എഐയും ഇന്റർനെറ്റും എല്ലാം നല്ല രീതിയിൽ ഉപയോഗിച്ചില്ലെങ്കിൽ നാം അതിന് അടിമപ്പെട്ടേക്കും.എഐ ആണവായുധങ്ങളേക്കാൾ അപകടകരമാണെന്ന് ഇലോൺ മസ്ക് പറഞ്ഞിട്ടുണ്ട്.

എഐയുടെ ശരിയായ ഉപയോഗത്താൽ നമുക്ക് നമ്മുടെ ഭാവിതലമുറയെ പുരോഗമനപാതയിലേക്ക് നയിക്കാം.




# വന്ന വഴി മറക്കാതെ

ഒരിടത്ത് ഒരു പാവപ്പെട്ട കുട്ടിയുണ്ടായിരുന്നു.ആ കുട്ടിയുടെ പേര് രാജു എന്നാണ്. രാജുവിനും മറ്റു കുട്ടികളെപ്പോലെ വിദ്യാലയത്തിൽ പോയി പഠിക്കാൻ വളരെയധികം ആഗ്രഹമുണ്ടായിരുന്നു എന്നാൽ അവന്റെ മാതാപിതാക്കളുടെ അടുത്ത് അതിനുള്ള പണമില്ലായിരുന്നു.എല്ലാ ദിവസവും രാവിലെ അവൻ മറ്റു കുട്ടികൾ വിദ്യാലയത്തിലേക്ക് പോകുന്നത് കാണുമ്പോൾ അമ്മയോട് എനിക്കും വിദ്യാലയത്തിലേക്ക് പോകണം എന്ന് പറയും. അപ്പോൾ അമ്മ എന്തെങ്കിലും പറഞ്ഞ് ഒഴിഞ്ഞു മാറും. അപ്പോൾ അവന് വിഷമം ആകും. അവന്റെ ഈ വിഷമം കണ്ട അച്ഛന്റെ രാ പകലില്ലാതെ കൂലിപ്പണിക്ക് പോയി അധ്വാനിച്ചു കുറച്ചു പണമുണ്ടാക്കി അവനെ വിദ്യാലയത്തിൽ ചേർത്തു.രാജുവിന് അവൻ നാളെ വിദ്യാലയത്തിൽ പഠിക്കാൻ പോകും എന്ന് കേട്ട് വളരെയധികം സന്തോഷമായി. പിറ്റേ ദിവസം അവൻ നേരത്തെ എഴുന്നേറ്റ് പുസ്തകങ്ങളൊക്കെ ഒതുക്കി വെച്ച് പുതിയ കുപ്പായവും ട്രൗസറും എല്ലാം ധരിച്ച വിദ്യാലയത്തിലേക്ക് പോയി.വിദ്യാലയത്തിലെ ഒന്നാം ക്ലാസിൽ വച്ച് ടീച്ചർ അവനെ കുട്ടികൾക്ക് പരിചയപ്പെടുത്തി കൊടുത്തു.എന്നിട്ട് അവൻ ഒരു ബെഞ്ചിൽ പോയിരുന്നു.എന്നിട്ട് ടീച്ചർ ക്ലാസ്സ് ആരംഭിക്കുകയും ചെയ്തു.അന്ന് അവന് ഒരുപാട് കൂട്ടുകാരെയും തെമ്മാടി,പാവപ്പെട്ടവൻ എന്നൊക്കെ വിളിച്ചു കളിയാക്കുന്നവരെയും കിട്ടി. അങ്ങനെ കുറച്ച് വർഷങ്ങൾ കടന്നുപോയി.രാജു ഇപ്പോൾ പത്താം ക്ലാസിലെത്തി. അവനെ എല്ലാ വിഷയങ്ങളിലും നല്ല മാർക്ക് കിട്ടി.ഓരോ മത്സരങ്ങളിലും ഫസ്റ്റും സെക്കന്റും ഒക്കെ വാങ്ങി അവൻ അതിനു ലഭിച്ച സമ്മാനങ്ങൾ അമ്മയ്ക്ക് കൊണ്ടുവന്നു കാണിക്കും.രാജു പത്താം ക്ലാസ്സ് പാസായി. തുടർന്ന് പഠിക്കുന്നതിനു വേണ്ടി ഒരുപാട് പണം ആവശ്യമാണ്.അത്രയും പണം ഉണ്ടാക്കാൻ അവന്റെ അച്ഛന് സാധിക്കില്ല അതിനാൽ തന്നെ വീടുള്ള സ്ഥലത്തിന്റെ ആധാരം പണയം

വെച്ച് കുറച്ചു പണം സംഘടിപ്പിച്ച് അവനെ തുടർന്ന് പഠിപ്പിച്ചു.എന്നാൽ അവന് അറിയില്ലായിരുന്നു ആധാരം പണയം വെച്ചാണ് പണം ഉണ്ടാക്കിയതെന്ന്. അങ്ങനെ ദിവസങ്ങൾ കടന്നുപോയി. രാജുവിന്റെ അച്ഛന് പഴയ പോലെ പണം ലഭിക്കാതെയായി. പണിയപ്പെടുത്തിയ ആധാരത്തിന്റെ പലിശ നൽകാറായി. ഇപ്പോൾ ലഭിക്കുന്ന പണം വീട്ടുചെലവിന് എടുക്കാതെ വെച്ചാലും പലിശ മുഴുവനായും അടയ്ക്കാൻ സാധിക്കില്ല. എന്നാലും രാജുവിനെ ഇതൊന്നും അറിയിക്കാതെ അവർ ദിവസങ്ങൾ തള്ളി നീക്കി. ഒരുനാൾ രാജു വീട്ടിലേക്ക് വരുമ്പോൾ വീടിന്റെ മുന്നിൽ ഒരു വലിയ ജനക്കൂട്ടം കണ്ടു. അവൻ വീട്ടിലേക്ക് വേഗം വന്നു നോക്കിയപ്പോൾ ആധാരം പണയം വെച്ചതിന്റെ പലിശ അടക്കാതിരുന്നതിന് ബാങ്കുകാർ വന്ന് ബഹളമുണ്ടാക്കുകയായിരുന്നു. അവൻ ഒരുവിധത്തിൽ എന്തൊക്കെയോ പറഞ്ഞു ബാങ്കുകരെ തിരിച്ചയച്ചു.ഈ വീടിരിക്കുന്ന സ്ഥലം പണയം വെച്ചാണ് എന്നെ പഠിപ്പിക്കാൻ വേണ്ടി പറഞ്ഞയച്ചിരുന്നതെന്ന് എന്നോട് എന്തുകൊണ്ടാണ്  പറയാതിരുന്നത് എന്ന് അവൻ ചോദിച്ചപ്പോൾ അവന്റെ അച്ഛൻ പറഞ്ഞു:ഞാൻ അത് നിന്നോട് പറഞ്ഞിരുന്നെങ്കിൽ നീ പഠിത്തം നിർത്തിയേനെ. നീ പഠിത്തം നിർത്താൻ പാടില്ല നീ ഇനിയും പഠിക്കണം പഠിച്ചു കഷ്ടപ്പെട്ട് വലിയ നിലയിലെത്തണം അതാണ് ഞങ്ങളുടെ ആഗ്രഹം. അപ്പോൾ അവൻ പറഞ്ഞു:പക്ഷെ ഞാൻ ഇനിയും പഠനം തുടർന്നാൽ അതിന് ഇനിയും ഒരുപാട് പണം ആവശ്യമായി വരില്ലേ. അതുകൊണ്ട് ഈ വർഷത്തെ കോഴ്സ് കുടി കഴിഞ്ഞാൽ ഞാൻ പഠിത്തം നിർത്തുകയാണ്.എന്നിട്ട് എന്തെങ്കിലും ജോലിക്ക് അപേക്ഷിക്കാം. അങ്ങനെ ദിവസങ്ങൾ കടന്നുപോയി. കുറച്ച് ദിവസങ്ങൾക്കുശേഷം അവൻ ജോലിക്ക് അപേക്ഷിച്ചു. കുറച്ചുദിവസങ്ങൾക്കു ശേഷം പരീക്ഷയുടെ റിസൽട്ട് വന്നു അവൻ പരീക്ഷയിൽ ജയിച്ചിരുന്നു. അതിനോടൊപ്പം അവന് ജോലി ലഭിക്കുകയും ചെയ്തു. ഈ സന്തോഷവാർത്ത അമ്മയോടും അച്ഛനോടും പറയാൻ വേണ്ടി വീട്ടിലോട്ട് വന്നപ്പോഴാണ് അവൻ തന്റെ വീട് ബാങ്കുകാർ ജപ്തി ചെയ്തത് കണ്ടത്. ആ നിമിഷം അവന് എന്തുപറയണമെന്ന് പോലും അറിയാതെയായി. അങ്ങനെ അവനും അവന്റെ അമ്മയും അച്ഛനും അവിടെനിന്നിറങ്ങി. ഒരു ബസ് സ്റ്റാൻഡ് കഴിഞ്ഞ ശേഷം പിറ്റേദിവസം ജോലിക്ക് പോകാൻ തുടങ്ങി. അവൻ അന്ന് തന്നെ കൂടെ വർക്ക് ചെയ്യുന്ന ആളുടെ അടുത്ത് നിന്ന് കുറച്ചു പണം കടം ആയി വാങ്ങിച്ച് ഒരു വാടകവീട്ടിലേക്ക് മാറി. അങ്ങനെ അവൻ കഷ്ടപ്പെട്ട് ജോലി ചെയ്ത് അവന്റെ മാതാപിതാക്കളെ പോറ്റാൻ തുടങ്ങി. രാജു ഇന്ന് സ്വന്തമായി ഒരു കമ്പനിയുണ്ട്. അവനിന്ന് ഒരുപാട് പണവും വലിയ വീടും ഒക്കെയുണ്ട്. അവൻ അവന്റെ കമ്പനിയിൽ പാവങ്ങൾക്ക് ജോലി നൽകി.അവൻ അവന് ലഭിക്കുന്ന ലാഭത്തിന്റെ ഒരു ഭാഗം സ്വന്തമായി വീടുപോലുമില്ലാത്ത കുടുംബങ്ങൾക്കായി ചിലവഴിക്കുകയും കുട്ടികളുടെ സന്തോഷത്തിന് ആവശ്യമായ കാര്യങ്ങൾ എല്ലാം ചെയ്തു കൊടുക്കുകയും ചെയ്യും. അവൻ വയ്യാതെ കിടപ്പിലായ രോഗികൾക്കും കുട്ടികൾക്കും പാവപ്പെട്ടവർക്കും വേണ്ടി ആശുപത്രികൾ പണിതു. അദ്ദേഹത്തിന്റെ കാലശേഷം അദ്ദേഹത്തിന്റെ മക്കളും ഇത് നിലനിർത്തിക്കൊണ്ടേ യിരുന്നു.



# A trip to heaven

A trip to Palakkad. It was a great experience. The four of us were very excited. At first we thought that it will be boring but we were wrong. The atmosphere were very cool. After we reached there were found so many new friends and witnessed a new culture. Luckly  we met an actor named, Vashisht Umesh. He was very friendly to everyone. The food from the canteen was amazing. The teachers taught so many lessons based on nature. They taught so many things in many task and games. At late night we attended a camp fire. A melodious camp fire. The next early morning, we went to observe the bird. We saw so many birds. After that we went to a park. There were many adventure rides. Then went to mushroom farm, African farm, pisciculture, epiculture, etc. We took so many photos and videos. We saw pottery. We learned earring and necklace making. We went to a science lab. There were so many kaleidoscope. There was a cave. A horrible cave. They included sound and light effects in it. And  there was also so many antiques. Then we returned to our home. On the way we drank soda and snacks. It was an unforgettable experience in my life!

HANIYA 9C



THANKYOU